"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- വാർഷിക പദ്ധതി 2026-27- സംസ്ഥാന ഭവനനിർമ്മാണ ബോർഡ്-'ഗൃഹശ്രീ ഭവന പദ്ധതി'-ഭരണാനുമതി നല്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭവനനിർമ്മാണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.26/2026/HSG തീയതി,തിരുവനന്തപുരം, 29-09-2026

---

പരാമർശം:-

1. സ. ഉ. (കൈ) നം. 21/2013/ഭവനം തീയതി 26.08.2013
2. സ. ഉ. (സാധാ) നം. 18/2026/HSG തീയതി 24.06.2026
3. സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 18.08.2026-ലെ KSHB-HO/157/2023-LRC2 നമ്പർ കത്ത്.
4. 18.08.2026-ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം .

**ഉത്തരവ്**

2026-27 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ഗൃഹശ്രീ ഭവന പദ്ധതി നടപ്പാക്കുന്നതിനായി 4216-80-190-96 എന്ന ശീർഷകത്തിൽ 1900 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഗുണഭോക്താക്കൾക്ക് സബ്സിഡി വിതരണം ചെയ്യുന്നതിലേയ്ക്കായി പരാമർശം (2) പ്രകാരം 480 ലക്ഷം രൂപ 2026-27 സാമ്പത്തിക വർഷത്തിൽ അനുവദിച്ചു നല്കിയിരുന്നു. ബാക്കിയുള്ള 1420 ലക്ഷം രൂപയിൽ 848 ലക്ഷം രൂപ 2020-21 മുതൽ 2025-26 വരെയുള്ള ഗുണഭോക്താക്കൾക്ക് കുടിശ്ശിക ഗഡുകൾ നല്കി പദ്ധതി പൂർത്തീകരിക്കുന്നതിനായി ഉപയോഗിക്കുന്നതിനും ബാക്കി 572 ലക്ഷം രൂപ 2026-27 സാമ്പത്തിക വർഷത്തിൽ 190 ഗുണഭോക്താക്കൾക്ക് 3 ലക്ഷം രൂപ വീതം സബ്സിഡി നല്കുന്നതിനായി വിനിയോഗിക്കുന്നതിനായും ഭരണാനുമതി നല്കണമെന്നും പരാമർശം (3) കത്ത് പ്രകാരം ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

3. 18.08.2026 ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം, ശിപാർശ വിശദമായി പരിശോധിക്കുകയും പ്രസ്തുത പദ്ധതിയ്ക്ക് 1420 ലക്ഷം രൂപയിൽ 848 ലക്ഷം രൂപ മുൻ വർഷങ്ങളിലെ ഗുണഭോക്താക്കൾക്ക് സബ്സിഡി വിതരണം ചെയ്യുവാനായി വിനിയോഗിക്കാനും, 2026-2027 സാമ്പത്തിക വർഷത്തിൽ ബാക്കിയുള്ള 572 ലക്ഷം രൂപ വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കുവാനും പരാമർശം (4) പ്രകാരം അംഗീകാരം നല്കി.

4. മേൽ സാഹചര്യത്തിൽ, 2026-27 സാമ്പത്തിക വർഷം 4216-80-190-96 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1900 ലക്ഷം രൂപയിൽ, നിലവിലുള്ള 1420 ലക്ഷം രൂപയിൽ, 848 ലക്ഷം രൂപ, 2020-21 മുതൽ 2025-26 സാമ്പത്തിക വർഷങ്ങളിലെ ഗൃഹശ്രീ ഭവന പദ്ധതി

ഗുണഭോക്താക്കൾക്ക് കുടിശ്ശിക ഗഡുക്കൾ നല്കുന്നതിന് വിനിയോഗിക്കുന്നതിന് അനുമതി നല്കിക്കൊണ്ടും, ബാക്കിയുള്ള 572 ലക്ഷം രൂപ വിനിയോഗിച്ച്, 2026-27 സാമ്പത്തിക വർഷത്തിൽ 190 ഗുണഭോക്താക്കൾക്ക് 3 ലക്ഷം രൂപ വീതം സബ്സിഡി നല്കിക്കൊണ്ട് പരാമർശം (3)-ലെ ശിപാർശയ്ക്കനുസൃതമായി ഗൃഹശ്രീ ഭവന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നല്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം തുക അനുവദിക്കുമ്പോൾ, ഗുണഭോക്താക്കളുടെ പട്ടിക ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയുമായി പരിശോധിച്ച് ഇരട്ടിപ്പ്/ ആവർത്തനം ഉണ്ടാകുന്നില്ലെന്ന് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ഉറപ്പ് വരുത്തേണ്ടതുന്നതും, അതിനനുസരിച്ച് ചെലവ് പരിമിതപ്പെടുത്തേണ്ടതുന്നതും, ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്നത് നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമായിരിക്കേണ്ടതുമാണ്. പദ്ധതിയുടെ ഭൗതിക സാമ്പത്തിക പുരോഗതി റിപ്പോർട്ടും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സെക്രട്ടറി സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
ധനകാര്യ (പി.യൂ.സി) വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Krishnakumar S
Date: 29-09-2026
14:10:37

സെക്ഷൻ ഓഫീസർ